

**സമ്പർക്കത്തിൻെറ സാന്ത്വനം:** കാക്കനാട് കളക്ടറേറ്റിൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ പരാതികൾ കേൾക്കുന്ന മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ കൈകളിൽ പിടിച്ച് പൊട്ടിക്കരയുന്ന വികലാംഗനും കുടുംബവും

## ചുവപ്പുനാടകളഴിച്ച് മുഖ്യമന്ത്രി

# ആയിരങ്ങളുടെ പരാതികൾക്ക് പരിഹാരം

**കൊച്ചി:** നിസ്സഹായരും നിരാലംബരുമായ മനുഷ്യരുടെ ദൈന്യകഥകളുറങ്ങുന്ന ഫയലുകളുടെ ചുവപ്പുനാടകളഴിച്ച് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പന്തീരായിരത്തോളം പരാതികൾക്ക് തീർപ്പാക്കി. ശനിയാഴ്ച രാവിലെ 9.45ന് ആരംഭിച്ച് ഞായറാഴ്ച നേരംപുലരുവോളം നീണ്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി മഹായജ്ഞമായി മാറി. കാക്കനാട് കളക്ടറേറ്റിൽ ശനിയാഴ്ച 9.30നാണ് പരിപാടി തുടങ്ങിയത്. അവസാനത്തെ പരാതിക്കാരനേയും കണ്ട് മുഖ്യമന്ത്രി മടങ്ങുമ്പോൾ പാതിരാത്രിയായിരുന്നു. കുറച്ച് കരിക്കിൻവെള്ളം മാത്രം കുടിച്ച്, ഒരേ നില്പിൽ ആയിരങ്ങളെ നേരിൽ കണ്ട് മുഖ്യമന്ത്രി അവരുടെ പരാതികൾക്ക് പരിഹാരം കണ്ടു. കളക്ടർ അടക്കമുള്ള ജില്ലയിലെ ഉദ്യോഗസ്ഥവൃന്ദം മുഖ്യന്ത്രിയുടെ ഉത്തരവുകൾക്ക് കാതോർത്തുനിന്നു.

7500 ഓളം പരാതികളാണ് മുൻകൂട്ടി രജിസ്റ്റർ ചെയ്തിരുന്നത്. ശനിയാഴ്ച മാത്രം 4500 പരാതികൾ പുതിയതായി രജിസ്റ്റർ ചെയ്തു. അയ്യായിരത്തോളം പരാതികളിൽ നേരത്തെ തന്നെ അതത് വകുപ്പുകളിൽ തീർപ്പാക്കിയിരുന്നു. മറ്റുള്ളവരെയാണ് മുഖ്യമന്ത്രി നേരിൽക്കണ്ടത്. എല്ലാ പരാതികളിലും മുഖ്യമന്ത്രി പരിഹാരം നിർദേശിച്ചു. പരാതിക്കാരും കൂടെ വന്നവരും ഉൾപ്പെടെ ഇരുപതിനായിരത്തോളം പേരാണ് കളക്ടറേറ്റ് മൈതാനിയിൽ തിങ്ങിനിറഞ്ഞത്. എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡാക്കാൻ ആയിരത്തിലധികം അപേക്ഷകൾ മുഖ്യമന്ത്രിക്ക് ലഭിച്ചു. ഇതിൽ 700 പേർക്ക് ബി.പി.എൽ. കാർഡ് അനുവദിച്ചു. ജില്ലയിലെ ഏഴ് താലൂക്കുകളിൽ നിന്നുള്ള 250 പേർക്ക് പട്ടയം വിതരണംചെയ്തു. 50 ലക്ഷം രൂപയാണ് കുടുംബസഹായ നിധിയിൽനിന്ന് വിതരണം ചെയ്തത്. മൊത്തം 500 പേർക്ക് 10,000 രൂപവീതം ഈയിനത്തിൽ ലഭിച്ചു. ദുരിതാശ്വാസ, ചികിത്സാ ധനസഹായമായി 71 ലക്ഷം രൂപ ജനസമ്പർക്കവേദിയിൽ അനുവദിച്ചു. 1400 കുടുംബങ്ങൾക്ക് ഇതിൻെറ പ്രയോജനം ലഭിച്ചു.

സ്കൂൾബസ്സിൽ യാത്ര ചെയ്യുമ്പോൾ യൂണിഫോം ഉടക്കി വീണ് മരിച്ച കുന്നത്തുനാട് മഠത്തിപ്പറമ്പിൽ സാന്ദ്രയുടെ പിതാവ് എം.വി. സാബുവിന് രണ്ട് ലക്ഷം രൂപ ആശ്വാസധനം നൽകിയാണ് മുഖ്യമന്ത്രി ജനസമ്പർക്ക പരിപാടിക്ക് തുടക്കമിട്ടത്. ആംബുലൻസിലെത്തിയ നാല് രോഗികൾക്കരികിലെത്തി മുഖ്യമന്ത്രി അവർക്ക് സഹായം നൽകി. പിന്നീട് സദസ്സിൻെറ മുൻനിരയിലിരുന്ന അഞ്ഞൂറോളം വികലാംഗർക്കരികിലേയ്ക്കെത്തി. ഓരോരുത്തരേയും കണ്ട് ആശ്വസിപ്പിക്കുകയും പരാതികൾക്ക് തീർപ്പ് കല്പിച്ച് ഫയലിൽ ഉത്തരവുകളെഴുതുകയും ചെയ്തു. രാവിലെ 9.45ന് വികലാംഗർക്കിടയിലേയ്ക്ക് നീങ്ങിയ മുഖ്യമന്ത്രി3.40 നാണ് പൊതുപരാതികൾ കേൾക്കാൻ വേദിയിൽ തിരിച്ചെത്തിയത്. ഇതിനിടെ ചികിത്സാസഹായം സംബന്ധിച്ച പരാതികൾ കേട്ട് എക്സൈസ് മന്ത്രി കെ. ബാബു തീർപ്പുകൾ നൽകി. കുടുംബസഹായനിധി ആനുകൂല്യം താലൂക്ക് തിരിച്ച് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ വിതരണം ചെയ്തു.

സ്ട്രെച്ചറിലും ക്രച്ചസ്സിലും വീൽച്ചെയറിലും വന്നവർ, ഉറ്റവർ എടുത്തുകൊണ്ടുവന്നവർ, അശരണർ, ആലംബഹീനർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, കൈകാലുകൾ നഷ്ടമായവർ, അന്ധർ, ബധിരർ, മൂകർ, അനാഥർ, അപകടങ്ങളിൽ ഉറ്റവരെ നഷ്ടമായവർ....ദൈന്യം നിറഞ്ഞ ജനജീവിതത്തിൻെറ ഭിന്നമുഖങ്ങളാണ് ജനസമ്പർക്ക പരിപാടിയിൽ നിറഞ്ഞത്.

അവസാനത്തെ പരാതിക്കാരനേയും കണ്ട ശേഷമേ താൻ ഈ വേദി വിടൂ എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് മുഖ്യമന്ത്രി പരിപാടി തുടങ്ങിയത്. ജനകീയ പ്രശ്നങ്ങളിൽ മനുഷ്യത്വപരമായ സമീപനമാണ് വേണ്ടതെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. ജനകീയപ്രശ്നപരിഹാരത്തിന് രാഷ്ട്രീയനേതൃത്വവും ഉദ്യോഗസ്ഥവൃന്ദവും ഒറ്റക്കെട്ടായി നിൽക്കുന്ന കാഴ്ചയാണ് ജനസമ്പർക്ക പരിപാടിയിൽ കാണുന്നത്. ഇത് സമൂഹത്തിന് നൽകുന്ന ഒരു സന്ദേശമാണ്. കൂട്ടായ്മയുടെ ഈ അന്തരീക്ഷം നിലനിർത്തണമെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

ഉദ്ഘാടന ചടങ്ങിൽ ബെന്നി ബഹനാൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. മന്ത്രിമാരായ കെ. ബാബു, വി.കെ.ഇബ്രാഹിംകുഞ്ഞ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം.പി.മാരായ കെ.പി. ധനപാലൻ, പി.ടി. തോമസ്, എം.എൽ.എ.മാരായ ഡൊമിനിക് പ്രസൻേറഷൻ, ജോസ് തെറ്റയിൽ, ടി.യു. കുരുവിള, വി.ഡി. സതീശൻ, ഹൈബി ഈഡൻ, ജോസഫ് വാഴയ്ക്കൻ, അൻവർ സാദത്ത്, വി.പി. സജീന്ദ്രൻ, സാജു പോൾ, ലൂഡി ലൂയിസ്, കൊച്ചി മേയർ ടോണി ചമ്മണി, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് എൽദോസ് കുന്നപ്പിള്ളി, തൃക്കാക്കര നഗരസഭാ ചെയർമാൻ പി.ഐ. മുഹമ്മദാലി, മുനിസിപ്പൽ ചെയർമാൻസ് ചേംബർ ചെയർമാൻ ജമാൽ മണക്കാടൻ, ഡിവിഷൻ കൗൺസിലർ വർഗീസ് പൗലോസ് തുടങ്ങിയവർ പങ്കെടുത്തു. ജില്ലാ കളക്ടർ പി.ഐ. ഷെയ്ഖ് പരീത് സ്വാഗതവും അഡീഷണൽ ജില്ലാ മജിസ്ട്രേട്ട് ഇ.കെ. സുജാത നന്ദിയും പറഞ്ഞു.